ഉത്തരം

(എ) സ്കീം രൂപകൽപ്പന ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ലക്കിടി-പേരൂരും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സി.എ.ആർ.ഡബ്ല്യു.എസ്.എസ്. എന്ന പദ്ധതിയുടെ അടങ്കൽ തുക തിട്ടപ്പെടുത്തിയിട്ടില്ല. ലക്കിടി-പേരൂർ 1, 2 വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 70 ലക്ഷം രൂപയാണ്.

(സി) ലക്കിടി-പേരൂരും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സി.എ.ആർ.ഡബ്ല്യു.എസ്.എസ്. എന്ന പദ്ധതി എ.ആർ.പി.-യിലും ലക്കിടി-പേരൂർ 1, 2 വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി എ.ആർ.പി.-എൻ.സി./പി.സി.-യിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ലക്കിടി-പേരൂരും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള സി.എ.ആർ.ഡബ്ല്യു.എസ്.എസ്. എന്ന പദ്ധതിയുടെ പ്രാഥമിക പഠന നടപടികളും സർവ്വേ ജോലികളും നടന്നുവരുന്നു. ലക്കിടി-പേരൂർ 1, 2 വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പണികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

അനങ്ങനടി, ചളവറ, തൃക്കടിരി മെഗാ വാട്ടർ സപ്ലൈ സ്കീം

74 [1760] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അനങ്ങനടി, ചളവറ, തൃക്കടിരി മെഗാ വാട്ടർ സപ്ലൈ സ്കീം രൂപകൽപന ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ അടങ്കൽ തുകയെത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് ഏത് സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടങ്കൽ തുക 1100 ലക്ഷം രൂപ (1995-ലെ എസ്റ്റിമേറ്റ് പ്രകാരം).

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് രൂപകൽപ്പന ചെയ്തുകൊണ്ടിരിക്കുന്നതേയുള്ളൂ. അതുകൊണ്ട് ഈ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയില്ല.

സി.എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയുടെ നിർമ്മാണ പുരോഗതി

75 [1761] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന സി.എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) റിവോൾവിംഗ് ഫണ്ടിനായി ഗുണഭോക്തൃ പഞ്ചായത്തുകൾ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത ശുദ്ധജലവിതരണ പദ്ധതി ഉടനെ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ മണ്ഡലത്തിൽ രണ്ട് പദ്ധതികൾ നിർമ്മാണത്തിലുണ്ട്. ഭരണിക്കാവും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ചെന്നിത്തല, തൃപ്പെരുംതറ, മാന്നാർ, കുറ്റിശ്ശേരി എന്നീ വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഈ രണ്ട് പദ്ധതികളുടേയും പൊതുഘടകങ്ങളാണ് കിണറും, പമ്പ് ഹൗസും, ജലശുദ്ധീകരണശാലയും, റോ വാട്ടർ പമ്പിംഗ് മെയിനും. ഇതിൽ കിണറിന്റേയും പമ്പ് ഹൗസിന്റേയും പണി പൂർത്തിയായിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പുരോഗമിച്ചുവരുന്നു. ചെന്നിത്തലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലശുദ്ധീകരണശാലയുടേയും കുറത്തിക്കാട്, തൃപ്പെരുംതറ എന്നിവിടങ്ങളിലെ ഉന്നതതല സംഭരണികളുടേയും പണികൾ ടെണ്ടർ ചെയ്ത് അവ പരിശോധിച്ചുവരുന്നു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ രണ്ട് റീച്ചുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കി രണ്ട് റീച്ചിന്റേയും തൃപ്പെരുംതറ ഉന്നതതല സംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റേയും പണികൾ പൈപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly